# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4755** **14.11.2019 ലെ മറുപടി**

## തിരൂരങ്ങാടി പാറയിൽ തടയണ നിർമ്മാണം

**ചോദ്യം**

**ശ്രീ.പി.കെ.അബ്ദു റബ്ബ് :**

തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പാറയിൽ തടയണ നിർമ്മാണം നിർദ്ദിഷ്ട സ്ഥലത്ത് നടപ്പാക്കുന്നതിന് ആരെങ്കിലും എതിർപ്പ് അറിയിച്ച് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

2017 ൽ പൂരപ്പുഴ പാലത്തിന് കിഴക്കുഭാഗത്തായി നിർമ്മിക്കുന്ന തടയണ പടിഞ്ഞാറ് ഭാഗത്ത് നിർമ്മിച്ചാൽ കൂടുതൽ ഉപകാരപ്പെടുമെന്നും താനൂർ, തിരൂരങ്ങാടി, നന്നമ്പ്ര, പരപ്പനങ്ങാടി തെന്നല, പെരുമണ്ണക്ലാരി എന്നീ തദ്ദേശസ്ഥാപനങ്ങളിലെ കിണറുകളിൽ ശുദ്ധജലവും കൃഷിയാവശ്യത്തിന് നല്ല ജലവും ലഭിക്കുമെന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. നിലവിൽ പൂരപ്പുഴ പാലത്തിന്റെ കിഴക്ക് ഭാഗത്തായി ഓൾഡ് കനാലിൽ പാറയിൽ എന്ന സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന SWEVCB ഈ സ്ഥലത്ത് വർഷാവർഷം നിർമ്മിച്ചു കൊണ്ടിരിക്കുന്ന താൽക്കാലിക തടയണയെ ഒരു ശാശ്വത പരിഹാരമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. പൂരപ്പുഴ പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കെട്ടുങ്ങൽ തോടിന് സമീപം ഒരു SWE റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് IDRB തിരുവനന്തപുരത്തിന് രൂപകൽപ്പനക്ക് സമർപ്പിച്ചിട്ടുണ്ട്. രൂപകൽപ്പന കിട്ടിയതിനു ശേഷം DPR തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് SWE റെഗുലേറ്റർ നിർമ്മിച്ചാൽ പരാതിക്കാരുടെ ആവശ്യം ഒരു പരിധി വരെ നിറവേറ്റപ്പെടുന്നതാണ്.

**സെക്ഷൻ ഓഫീസർ**